## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*125 — 06-03-2017-ലെ മറുപടിയ്ക്ക്

# വരൾച്ച ബാധിതമായ കാർഷിക മേഖലയ്ക്ക് സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോജി എം. ജോൺ<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** അതിരൂക്ഷമായ വരൾച്ച കേരളത്തിലെ കാർഷിക മേഖലയെ എപ്രകാരമാണ് ബാധിച്ചതെന്ന് വെളിപ്പെടുത്തുമോ; | **(എ)** തെക്ക പടിഞ്ഞാറൻ ഇടവപ്പാതിയിലും വടക്ക കിഴക്കൻ തുലാവർഷത്തിലും വേനൽ മഴയിലും ഉണ്ടായിട്ടുള്ള വർദ്ധിച്ച തോതിലുള്ള കുറവു കാരണം കാർഷിക വിളകളുടെ ഉൽപാദനം കുറയുകയും വരൾച്ച ബാധിച്ച് കൃഷി നശിച്ചു പോവുകയും ഉണ്ടായിട്ടുണ്ട്. ഉൽപ്പാദനം കുറയുന്നതിനാൽ കർഷകരെയും അതുമൂലമുണ്ടാകുന്ന രൂക്ഷമായ വിലക്കയറ്റം പൊതുജനങ്ങളെയും ദുരിതത്തിലാഴ്ത്തിയിട്ടുണ്ട്.<br><br>മഴക്കുറവു മൂലം മണ്ണിന്റെ അമ്ലാംശം കൂടി നെൽകൃഷിയെ ദോഷകരമായി ബാധിക്കുന്നു. കൂടാതെ കള കൂടുതൽ വളരുന്നത് കർഷകർക്ക് സാമ്പത്തിക ബാധ്യത വരുത്തുന്നതാണ്. ഹ്രസ്വകാല വിളകൾക്ക് 30 ശതമാനം മുതൽ 50 ശതമാനം വരെയും ദീർഘകാല വിളകൾക്ക് 20 ശതമാനത്തോളവും വിളവ് കുറയുമെന്നു കണക്കാക്കുന്നു. |
| **(ബി)** എത്രകോടി രൂപയുടെ നഷ്ടമാണ് കാർഷിക മേഖലയ്ക്ക് ഉണ്ടായിട്ടുള്ളത്; | **(ബി)** സംസ്ഥാനത്ത് വരൾച്ച മൂലം ഏകദേശം 31358 കർഷകരുടെ 30353 ഹെക്ടർ കൃഷി നശിച്ചതായും ഏറ്റവും കുറഞ്ഞത് 300 കോടി രൂപയുടെ കൃഷിനാശം ഉണ്ടായതായിട്ടുള്ളതുമായാണ് പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. എന്നാൽ വിശദമായ കണക്കെടുപ്പ് കഴിയുമ്പോൾ നഷ്ടം വൻതോതിലുണ്ടാകും എന്നാണ് കണക്കാക്കുന്നത്. |
| **(സി)** കർഷകർക്ക് ആശ്വാസം നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | **(സി)** വരൾച്ച മൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി നെൽകർഷകർ മൂപ്പു കുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യാനും, എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മഴയില്ലാതെ |

വിത്ത് മുളയ്ക്കാത്ത സാഹചര്യത്തിൽ വീണ്ടും വിതയ്ക്കുന്നതിനായി വിത്തിന്റെ കരുതൽ ശേഖരം സംസ്ഥാന വിത്തു വികസന അതോറിറ്റിയിൽ സൂക്ഷിച്ചിട്ടുണ്ട്.

ജലസേചനം സുഗമമാക്കുന്നതിനായി തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും മറ്റും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് ജലലഭ്യത ഉറപ്പ് വരുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. വരൾച്ചയുടെ ആഘാതം ലഘൂകരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെ കുറിച്ച് കർഷകർക്ക് ബോധവൽക്കരണം, സാങ്കേതിക ഉപദേശം എന്നിവ നൽകിവരുന്നു.

വരൾച്ച മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള സഹായം ദുരന്ത നിവാരണ അതോറിറ്റി വഴി ലഭ്യമാക്കുന്നതിനും ഇതിനാവശ്യമായ അധിക തുകയായി വയനാട് ജില്ലയ്ക്കു മാത്രമായി 27 കോടി രൂപയും മറ്റു ജില്ലകൾക്കായി 25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. വരൾച്ചയെ പ്രതിരോധിക്കുന്നതിനും കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും നൂതന ടെക്നോളജിയായ PPFM (Pink Pigmented Facultative Methylotrophic Bacteria) VAM (Vesicular Arbuscular Mycorrhiza) എന്നിവ ലഭ്യമാക്കി വിളകളിൽ പ്രയോഗിക്കുന്നതിനുള്ള നടപടികൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 140.625 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| **(ഡി)** | ഇതിനായി കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ് കേന്ദ്രസഹായമായി ലഭിച്ചതെന്ന് വെളിപ്പെടുത്തുമോ? | **(ഡി)** | വരൾച്ച ദുരിതാശ്വാസം സംബന്ധിച്ച് കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനായി സർവ്വകക്ഷി സംഘം കേന്ദ്ര മന്ത്രിമാരെ നേരിൽ കണ്ട് നിവേദനം സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ